LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ പുതിയ കാർഷിക പോളിടെക്നിക്കുകൾ ആരംഭിക്കുന്ന വിഷയം 2015-16-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയിരുന്നു. ഇതിനാവശ്യമായ DPR തയ്യാറാക്കി സമർപ്പിക്കുവാൻ സർവ്വകലാശാലയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതാണ്.

(ബി) പ്രസ്തുത സംരംഭത്തിന് ഭരണാനുമതി നൽകിയതിനുശേഷം ഇതിനാവശ്യമായ തുക അനുവദിക്കുന്നതാണ്.

(സി) നടപടി സ്വീകരിച്ചുവരുന്നു.

അങ്കമാലി നിയോജകമണ്ഡലത്തിൽ കൃഷി വകുപ്പിന്റെ പ്രവൃത്തികൾ

190 (1662) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിൽ കൃഷി വകുപ്പ് ഏതെല്ലാം പ്രവൃത്തികൾക്കാണ് തുക അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

നെൽകൃഷി

191 (1663) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകർഷകരെ സഹായിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) നെല്ല് ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം പുതിയ പദ്ധതികൾ നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) നെല്ലിന്റെ താങ്ങുവില വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നെൽകർഷകരെ സഹായിക്കുന്നതിനായി സുസ്ഥിര നെൽകൃഷി വികസനം, വികസന ഏജൻസികൾക്കുള്ള ഫണ്ട്, പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോൽസാഹനം, പാടശേഖര സമിതികൾക്കുള്ള പ്രവർത്തന സഹായം, തരിശുനില നെൽകൃഷി വികസനം (ആർ.കെ.വി.വൈ.), ആർ.കെ.വി.വൈ. പൊക്കാളി നെൽകൃഷി-വികസന പദ്ധതി, നെൽകർഷകർക്ക് ഹെക്ടറിന് 1,000 രൂപ തോതിൽ ഉൽപ്പാദന ബോണസ് എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ബി) ആർ.കെ.വി.വൈ. പദ്ധതി പ്രകാരം 2000 ഹെക്ടർ തരിശുഭൂമിയിൽ നെൽകൃഷി നടപ്പിലാക്കിവരുന്നു.

(സി) കേന്ദ്ര സർക്കാരാണ് നെല്ലിന്റെ താങ്ങുവില ഓരോ വർഷവും നിശ്ചയിക്കുന്നത് (എം.എസ്.പി.). കേന്ദ്ര സർക്കാരിന്റെ വികേന്ദ്രീകൃത നെല്ലുസംഭരണ പദ്ധതി പ്രകാരം സംസ്ഥാനത്ത് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേനയാണ് നെല്ല് സംഭരണം നടത്തിവരുന്നത്. കേന്ദ്ര സർക്കാർ നെല്ലിന് പ്രഖ്യാപിക്കുന്ന താങ്ങുവില ഉൽപ്പാദനചെലവുമായി താരതമ്യപ്പെടുത്തുമ്പോൾ കേരളത്തിലെ കർഷകരെ സംബന്ധിച്ചിടത്തോളം കുറവായതുകൊണ്ട് സംസ്ഥാന സർക്കാർ താങ്ങുവിലയോടൊപ്പം "സ്റ്റേറ്റ് ഇൻസെന്റീവ് ബോണസ്" കൂടി ഉൾപ്പെടുത്തിക്കൊണ്ട്, ഉയർന്ന സംഭരണ വിലയ്ക്കാണ് കർഷകരിൽനിന്നും നെല്ല് സംഭരിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ ഇപ്പോഴത്തെ താങ്ങുവില കിലോയ്ക്ക് 14.10 രൂപയായിരിക്കുമ്പോൾ സംസ്ഥാന സർക്കാർ ഇൻസെന്റീവ് ബോണസ് (7.40 രൂപ/കിലോയ്ക്ക്) കൂടി ഉൾപ്പെടുത്തി കൊണ്ട് 21.50 രൂപ നിരക്കിലാണ് നെല്ല് സംഭരിക്കുന്നത്.

പച്ചക്കറി സംഭരണം

192 (1664) ഡോ.ടി.എം തോമസ് ഐസക് :
ശ്രീ. എളമരം കരീം :
ശ്രീ. എസ്. ശർമ്മ :
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോർട്ടികോർപ്പ് ഏതെല്ലാം രീതികളിലൂടെയാണ് പച്ചക്കറി സംഭരണം നടത്തുന്നത് ;

(ബി) സംസ്ഥാനത്ത് ഉല്പാദിപ്പിച്ച പച്ചക്കറി പരമാവധി ശേഖരിക്കണം എന്ന നിർദ്ദേശം ഹോർട്ടികോർപ്പിന് നൽകിയിട്ടുണ്ടോ; നൽകിയിട്ടുണ്ടെങ്കിൽ ഇത് എത്രത്തോളം നടപ്പാക്കപ്പെട്ടുവെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് സി.പി.ഐ (എം) ന്റെ നേതൃത്വത്തിൽ ഏറ്റെടുത്ത് നടപ്പാക്കിയ ജൈവ പച്ചക്കറി ഉല്പാദന യജ്ഞത്തെത്തുടർന്ന് പച്ചക്കറി ഉല്പാദനത്തിൽ ഉണ്ടായിട്ടുള്ള മുന്നേറ്റം തുടരുന്നതിന് സാദ്ധ്യമാകുന്ന തരത്തിൽ ആഭ്യന്തര സംഭരണം ഊർജ്ജിതമാക്കാൻ ഹോർട്ടികോർപ്പിന് നിർദ്ദേശം നൽകുമോ?